(ഇ) ഓരോ ബ്ലോക്ക് പഞ്ചായത്തിലെയും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രി കളിൽ സ്പെഷ്യാലിറ്റി യൂണിറ്റുകളോടുകൂടി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തു ന്നതിന് സർക്കാർ ഉത്തരവ് നമ്പർ 1669/2014/ആകവ തീയതി 26-4-2014 പ്രകാരം തെരഞ്ഞെടുത്ത 154 സ്ഥാപനങ്ങളിൽ താനൂർ സി.എച്ച്.സി.യും ഉൾപ്പെടുന്നുണ്ട്.

കയ്യൂർ പി.എച്ച്.സി.യിൽ രോഗികൾക്ക് കിടത്തി ചികിത്സ

48 (8108) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എൻഡോസൾഫാൻ ബാധിത പ്രദേശമായ കയ്യൂർ-ചീമേനി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കയ്യൂർ പി.എച്ച്.സി.-യിൽ രോഗികൾക്ക് കിടത്തി ചികിത്സ നൽകുന്നതിന് വല്ല നിർദ്ദേശങ്ങളും നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവിടെ എപ്പോൾ ഐ. പി. സംവിധാനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) നിലവിലില്ല.

തിരുവള്ളൂർ സി.എച്ച്.സി.

49 (8109) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കോഴിക്കോട് തിരുവള്ളൂർ സി.എച്ച്.സി.-യിൽ ഡോക്ടർമാരുടെ ഉൾപ്പെടെ ഏതൊക്കെ തസ്തികകളാണ് ഉള്ളതെന്നും ഓരോ തസ്തികയിലെയും ഒഴിവുകൾ എത്രയുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സി.എച്ച്.സിയിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റേതെങ്കിലും ആശുപത്രികളിൽ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാ ക്കുമോ ;

(സി) പ്രസ്തുത സി.എച്ച്.സി.-യിലെ ഏതെങ്കിലും തസ്തിക ഒഴിവാക്കി യിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly